# സംഘർഷം: മൂവാറ്റുപുഴയിൽ സിപിഐ പോര് രൂക്ഷമാകുന്നു



എസ്എഫ്ഐ പ്രവർത്തകരെ മർദ്ദിച്ചവരെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് ഡിവൈഎഫ്ഐ മൂവാറ്റുപുഴ ബ്ലോക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ മൂവാറ്റുപുഴ നഗരത്തിൽ നടന്ന പ്രകടനം

ർ വരും ദിവസങ്ങളിൽ മൂവാറ്റുപുഴയിലെ രാഷ്ട്രീയത്തിൽ പ്രതിഫലിക്കുമെന്നാണ് സൂചന. എൽദോ ഏബ്രഹാം എംഎൽഎ ഉൾപ്പെടെയുള്ള സിപിഐ നേതാക്കളെ കടുത്ത ഭാഷയിലാണ് സിപിഎം, ഡിവൈഎഫ്ഐ പ്രവർത്തകരും നേതാക്കളും വിമർശിച്ചത്. എഐഎസ്എഫ്, എഐവൈഎഫ് നേതൃത്വത്തിലുള്ള ഗുണ്ടാസംഘത്തെ ഗുണ്ടാ ആക്ടനുസരിച്ച് അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ടാണ് ഡിവൈഎഫ്ഐ മൂവാറ്റുപുഴ ബ്ലോക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രകടനവും പൊതുയോഗവും നടന്നത്. പ്രകടനത്തിന് ഡിവൈഎഫ്ഐ ബ്ലോക്ക് ജോയിന്റ് സെക്രട്ടറിമാരായ സി.സി. ഉണ്ണികൃഷ്ണൻ, സജി ഏലിയാസ്, ബിനോയ് ഭാസ്കരൻ, ടി.പി. ജയൻ, ഷെബിൻ വി. മൂസ എന്നിവർ നേതൃത്വം നൽകി. പൊതുയോഗം സിപിഐ(എം) ഏരിയാ സെക്രട്ടറി എം.ആർ. പ്രഭാകരൻ ഉദ്ഘാടനം ചെയ്തു. ഡിവൈഎഫ്ഐ ബ്ലോക്ക് സെക്രട്ടറി സജി ജോർജ്, പ്രസിഡന്റ് ആർ. രാകേഷ്, സിപിഐ(എം) ഏരിയ കമ്മിറ്റി അംഗം കെ.പി. രാമചന്ദ്രൻ, എസ്എഫ്ഐ ഏരിയാ സെക്രട്ടറി വിജയ് കെ. ബേബി എന്നിവർ പ്രസംഗിച്ചു.





പിറവം ഫാത്തിമമാതാ സെൻട്രൽ സ്കൂളിന്റെ വാർഷികാഘോഷം ജലീഷ് പീറ്റർ ഉദ്ഘാടനം ചെയ്യുന്നു. ജിൽസ് പെരിയപ്പുറം, സിസ്റ്റർ ലിസി മരിയ, സിസ്റ്റർ വിൻസി, ഏലിയാസ് സ്കറിയ കാരാമേൽ എന്നിവർ സമീപം.

## കുരിശിന്റെ വഴി

കൂത്താട്ടുകുളം: ഇലഞ്ഞി സെന്റ് പീറ്റർ ആൻഡ് പോൾസ് സെന്റ് സേവ്യേഴ്സ് പള്ളിയിൽനിന്നു കുരുമല സെന്റ് തോമസ് മൗണ്ടിലേക്കുള്ള മലകയറ്റവും കുരിശിന്റെ വഴിയും തുടങ്ങി. എല്ലാ വെള്ളിയും വൈകിട്ട് അഞ്ചിന് കുരിശിന്റെ വഴി നടക്കുമെന്ന് ഫാ. മാത്യു തെക്കേൽ അറിയിച്ചു.

## സിന്തറ്റിക് കോർട്ട് ഉദ്ഘാടനം ചെയ്തു

വാഴക്കുളം: വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ നിർമിച്ച മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ടും ഓൾ കേരള ഇന്റർ കൊളജിയറ്റ് ബാസ്കറ്റ് ബോൾ ടൂർണമെന്റും ബിസിസിഐ വൈസ് പ്രസിഡന്റ് ടി.സി. മാത്യു ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന മത്സരത്തിൽ ആതിഥേയരായ വിശ്വജ്യോതി കോളജ് കോതമംഗലം എംഎ കോളജിനെ പരാജയപ്പെടുത്തി.

## ഇലഞ്ഞി കുരിശുമല കയറ്റം ഇന്നാരംഭിക്കും

കൂത്താട്ടുകുളം: ചരിത്ര പ്രസിദ്ധമായ ഇലഞ്ഞി കുരിശുമല കയറ്റം ഇന്ന് ആരംഭിക്കും. ഉച്ചകഴിഞ്ഞ് 4.30ന് താഴത്തെ പള്ളി അങ്കണത്തിൽ മണ്ണൂർപ്പാറ സെന്റ് സേവ്യേഴ്സ് പള്ളി അസിസ്റ്റന്റ് വികാരി ഫാ. കുര്യാക്കോസ് തടത്തിപറമ്പിന്റെ കാർമികത്വത്തിൽ കുരിശിന്റെ വഴി നടക്കും. തുടർന്നു മലമുകളിൽ കുർബാന, പീഡാനുഭവ സന്ദേശം, തിരുസ്വരൂപ ചുംബനം, പാച്ചോർ നേർച്ച എന്നിവ നടക്കുമെന്ന് ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ അറിയിച്ചു. വലിയ നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ ആറിനും എഴിനും താഴത്തെ പള്ളിയിൽ കുർബാന ഉണ്ടായിരിക്കും. വിവിധ രാത്രി കാലങ്ങളിലും വിവിധ സ്ഥലങ്ങളിൽനിന്നെത്തുന്നവർക്ക് മല കയറാൻ സൗകര്യങ്ങൾ ക്രമീകരിച്ചതായി അസിസ്റ്റന്റ് വികാരി ഫാ. ജോസ് ചിറ്റാംതോട്ടത്തിൽ അറിയിച്ചു.

## ദുരിതാശ്വാസനിധി രണ്ടാം ഘട്ടവിതരണം

മൂവാറ്റുപുഴ: നിയോജക മണ്ഡലത്തിനു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിച്ച തുകയുടെ രണ്ടാംഘട്ട വിതരണം നാളെ മൂവാറ്റുപുഴ നഗരസഭാ ഹാളിൽ നടക്കും. രാവിലെ 9.30ന് എൽദോ എബ്രഹാം എംഎൽഎ വിതരണോദ്ഘാടനം നിർവഹിക്കും. നഗരസഭാ ചെയർമാൻ ഉഷ ശശിധരൻ അധ്യക്ഷത വഹിക്കും. മൂവാറ്റുപുഴ ബ്ലോക്കിന് കീഴിലുള്ള പഞ്ചായത്തുകളിൽനിന്നു അപേക്ഷിച്ച 171 പേർക്കായി 9.71 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഒന്നാംഘട്ടത്തിൽ 11 ലക്ഷം രൂപ വിതരണം ചെയ്തിരുന്നു.

## കുംഭ ഭരണി-കാർത്തിക മഹോത്സവം

മൂവാറ്റുപുഴ: പുളിന്താനം ആനിക്കാട് ഭഗവതിക്ഷേത്രത്തിലെ കുംഭ ഭരണി, കാർത്തിക മഹോത്സവത്തിന് ഇന്നു തുടക്കമാകും. രാവിലെ നാലിന് പള്ളിയുണർത്തൽ, നിർമാല്യം, അഭിഷേകം, ഗണപതി ഹോമം, ഉഷപ്പൂജ, പന്തീരടി പൂജ, പ്രസാദ ഊട്ട്, ഉച്ചപ്പൂജ, ദീപാരാധന, കളമെഴുത്ത് പാട്ട്, രാത്രി ശ്രീഭൂതബലി. നാളെ രാവിലെ നാലിന് പള്ളിയുണർത്തൽ, നിർമാല്യം, അഭിഷേകം, ഗണപതി ഹോമം, ഉഷപ്പൂജ, എതൃത്തപൂജ, പന്തീരടി പൂജ, രാവിലെ ഒന്പത് മുതൽ 11 വരെ ശ്രീബലി എഴുന്നള്ളിപ്പ്, ഉച്ചയ്ക്ക് 12.30ന് മഹാപ്രസാദ ഊട്ട്, ഉച്ചകഴിഞ്ഞ് മൂന്നിനു കാഴ്ചശ്രീബലി, വൈകുന്നേരം 6.45ന് ദീപാരാധന, രാത്രി 8.30ന് വിളക്കെഴുന്നള്ളിപ്പ്, 9.30ന് നാടകം എന്നിവയാണ് പരിപാടികൾ.



Deepika
March 03 Friday

...ഐഡിയ എന്റർപ്രണർ യുവ സംരംഭകത്വ ശില്പശാല മുരിക്കാശേരി പാവനാത്മ കോളജിൽ ജോയ്സ് ജോർജ് എം.പി ഉദ്ഘാടനം ചെയ്യുന്നു.



...ൻ കുമ്പളം പമ്പ് ഹൗ...

# യുവ സംരംഭകർ മുന്നോട്ടു വരണം: ജോയ്സ് ജോർജ്

മൂവാറ്റുപുഴ: പുതിയ സംരംഭകത്വത്തിനു നേതൃത്വം നൽകാൻ വിദ്യാർഥികളും യുവജനങ്ങളും മുന്നോട്ടു വരണമെന്നു ജോയ്സ് ജോർജ് എം.പി. മുരിക്കാശേരി പാവനാത്മ കോളജിൽ എം.പി മുൻകൈയെടുത്ത് സംഘടിപ്പിച്ച ഐഡിയ എന്റർപ്രണർ ഏകദിന സംരംഭകത്വ ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യുവ സംരംഭകർക്ക് സർക്കാർ തലത്തിലും വ്യവസായ തലത്തിലും എല്ലാവിധ പരിശീലനവും പിന്തുണയും നൽകാൻ സാഹചര്യമൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു. മൂവാറ്റുപുഴ നന്ത് കെയർ ലാബ് ഉടമ ജോൺ കുര്യാക്കോസ് സെമിനാർ നയിച്ചു. കോൺഫിഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ്, സ്റ്റാർട്ടപ്പ് വില്ലേജ്, സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്, ജില്ലാ വ്യവസായ കേന്ദ്രം, വാഴക്കുളം വിശ്വജ്യോതി കോളജ് എന്നിവയാണ് സെമിനാറിനു നേതൃത്വം നൽകിയത്.

# സ്കൂൾ വാർഷികം ആഘോഷിച്ചു

മൂവാറ്റുപുഴ: സൗത്ത് മാറാടി ഗവ. യുപി സ്കൂൾ വാർഷികാഘോഷം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആശാ സനിൽ ഉദ്ഘാടനം ചെയ്തു. മാറാടി പഞ്ചായത്ത് പ്രസിഡന്റ് ലത ശിവൻ അധ്യക്ഷയായി. സർക്കാർ വിദ്യാലയങ്ങളുടെയും മാതൃഭാഷ പഠനത്തിന്റെയും അനിവാര്യതയെക്കുറിച്ച് നാടകകൃത്ത് ദേവൻ കക്കാട് പ്രഭാഷണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി ചെയർമാൻ ഒ.പി. ബേബി, ബ്ലോക്ക് പഞ്ചായത്തംഗം ഒ.സി. ഏലിയാസ്, വൈസ് പ്രസിഡന്റ് കെ.യു. ബേബി, പഞ്ചായത്ത് സ്ഥിരം സമിതി ചെയർമാൻ മുരളി ശശി, പഞ്ചായത്തംഗങ്ങളായ ജെയ്സി ജോസ്, ബിന്ദു സ്കറിയ, മാറാടി അഗ്രികൾചർ ഇംപ്രൂവ്മെന്റ് സൊസൈറ്റി പ്രസിഡന്റ് സാബു ജോൺ, മാറാടി വനിത സഹകരണ സംഘം പ്രസിഡന്റ് റീല കുര്യൻ, മാറാടി വില്ലേജ് വനിതാ സഹകരണസംഘം പ്രസിഡന്റ് ചിന്നമ്മ വർഗീസ്, സിഡിഎസ് ചെയർപേഴ്സൺ സല്ലി പാക്കോ, സ്കൂൾ വികസന സമിതി പ്രസിഡന്റ് ടി.വി. അവിരാച്ചൻ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തെ തുടർന്നു കുട്ടികളുടെ കലാപരിപാടിയും പ്രാദേശിക കലാകാരന്മാരുടെ സംഗീതപരിപാടിയും നടന്നു.



...ജനാധിപത്യ മഹിളാ അസോസിയേഷൻ കവളങ്ങാട് ഏരിയാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പ്ര... ...സ് ജില്ലാ കമ്മിറ്റിയംഗം റഷീദ സലീം ഉദ്ഘാടനം ചെയ്യുന്നു.



...ങ്ങളുടെ നേതൃത്വത്തിൽ പൈങ്ങോട്ടൂർ പഞ്ചായത്ത് ഓഫീസിനു മുന്നിൽ നടത്തിയ സത്യഗ്രഹം ...ൽ സെക്രട്ടറി ഉല്ലാസ് തോമസ് ഉദ്ഘാടനം ചെയ്യുന്നു.

...ങ്ങളും. 1.30ന് നടക്കും ...പരിപാടികൾ.

## വാർഷികവും അംഗൻവാടി കലോത്സവവും

മൂവാറ്റുപുഴ: തൃക്കളത്തൂർ ഗവ. എൽപി സ്കൂളിന്റെ 95-ാം വാർഷികവും അംഗൻവാടി കലോത്സവവും ഇന്നും നാളെയും നടക്കും. രാവിലെ പത്തിന് കലോത്സവം ജില്ലാ പഞ്ചായത്തംഗം എൻ. അരുൺ ഉദ്ഘാടനം ചെയ്യും. നവീകരിച്ച പുതിയ കെട്ടിടം നാളെ 3.30ന് പഞ്ചായത്ത് പ്രസിഡന്റ് നൂർജഹാൻ നാസർ ഉദ്ഘാടനം ചെയ്യും. നാളെ വൈകുന്നേരം 5.30ന് നടക്കുന്ന പൊതുസമ്മേളനം എൽദോ എബ്രഹാം എംഎൽഎ ഉദ്ഘാടനം ചെയ്യും. പഞ്ചായത്ത് വൈസ് പ്രസിഡന്റ് മാത്യൂസ് വർക്കി അധ്യക്ഷനാകും. ജില്ലാ പഞ്ചായത്തംഗം എൻ. അരുൺ മുഖ്യപ്രഭാഷണം നടത്തും. കൈയെഴുത്ത് മാസികയുടെ പ്രകാശനം ബിപിഒ വിജയകുമാറും എൻഡോവ്മെന്റ് വിതരണം ബ്ലോക്ക് പഞ്ചായത്തംഗം ചെറിയാൻ പി.എ. കൃഷ്ണയും വിദ്യാഭ്യാസ പുരസ്കാര വിതരണം സ്ഥിരം സമിതി ചെയർപേഴ്സൺ സ്വാതി ഉണ്ണിയും നിർവഹിക്കും. തുടർന്നു കുട്ടികളുടെ കലാപരിപാടികളും നടക്കും.

## പ്രതിരോധ സദസ്

പോത്താനിക്കാട്: സ്ത്രീ സുരക്ഷയ്ക്കായി അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ കവളങ്ങാട് ഏരിയാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പ്രതിരോധ സദസ് ജില്ലാ കമ്മിറ്റിയംഗം റഷീദ സലീം ഉദ്ഘാടനം ചെയ്തു. റീന ജോൺസൺ അധ്യക്ഷയായ യോഗത്തിൽ ഖദീജ മൊയ്തീൻ, നിർമല മോഹനൻ, ഷാജി മുഹമ്മദ്, കെ.പി. ജെയിംസ്, കാർത്തു ശശികുമാർ എന്നിവർ പ്രസംഗിച്ചു.

## പഞ്ചായത്തംഗങ്ങൾ സത്യഗ്രഹം നടത്തി

പോത്താനിക്കാട്: കുടിവെള്ളക്ഷാമം പരിഹരിക്കുക, ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് പൈങ്ങോട്ടൂർ പഞ്ചായത്ത് ഓഫീസിനു മുന്നിൽ യുഡിഎഫ് അംഗങ്ങൾ നടത്തിയ സത്യഗ്രഹം ഡിസിസി ജനറൽ സെക്രട്ടറി ഉല്ലാസ് തോമസ് ഉദ്ഘാടനം ചെയ്തു. റാണി പിട്ടാപ്പിള്ളിൽ, മേരി ജേക്കബ്, പി.എം. കോയാക്കുട്ടി, സണ്ണി കാഞ്ഞിരത്തിങ്കൽ, എ.ജെ. ജോൺ, സാബു തോമസ്, നിസാർ മുഹമ്മദ്, ജോണി ജോസ്, സന്തോഷ് ക്യത്തൻ, സിസി ജെയ്സൺ, മേഴ്സി ബൈജു, സിജോ ജോൺ, ജിൻസൺ ബേബി, കെ.കെ. സാലി, അജോ മംഗലത്ത് എന്നിവർ പ്രസംഗിച്ചു.

നിച്ചിട്ടുണ്ട്. അറിയിച്ചു.

Deepika 29th March 2017

# പൊതുനിരത്തിലെ മരങ്ങൾ നഗരസഭ വെട്ടിവിറ്റതിൽ പ്രതിഷേധം

**മൂവാറ്റുപുഴ:** പൊതുനിരത്തിൽനിന്ന മരങ്ങൾ നഗരസഭ വെട്ടിവിറ്റ നടപടിയിൽ പ്രതിഷേധമുയരുന്നു. പരിസ്ഥിതി സംഘടനയായ ഗ്രീൻ പീപ്പിളാണ് നഗരസഭാ അധികൃതരുടെ നടപടിയിൽ പ്രതിഷേധവുമായി രംഗത്തെത്തിയിരിക്കുന്നത്.

ഇഇസി മാർക്കറ്റ് റോഡിൽ ഇലാഹിയ സ്കൂളിനു സമീപത്തെ അമ്പതിനഞ്ചു വർഷം പഴക്കമുള്ള രണ്ടു മരങ്ങളാണ് കഴിഞ്ഞ ദിവസം വെട്ടിവിറ്റത്. മരം നിന്നിരുന്ന സ്ഥലത്തിനു സമീപത്തെ സ്വകാര്യ ട്രസ്റ്റിനു കൈയേറ്റം നടത്താനാണ് ഈ നടപടിയെന്നു ഗ്രീൻ പീപ്പിൾ ആരോപിച്ചു. മുറിച്ചു മാറ്റിയ മരക്കുറ്റികൾക്ക് മുകളിലൂടെ സ്വകാര്യ ട്രസ്റ്റ് എട്ടടിയോളം ഉയരത്തിൽ മതിൽ പണിതതായും സംഘടനാ ഭാരവാഹികൾ ആരോപിച്ചു. പൊതു നിരത്തിലെ മരങ്ങൾ മുറിച്ചു നീക്കുന്നതിനു ട്രീ കമ്മിറ്റിയുടെയും വനം വകുപ്പിന്റെയും രേഖാമൂലം അനുവാദം വാങ്ങണമെന്നാണ് ചട്ടം. എന്നാൽ ഇതുണ്ടായിട്ടില്ലെന്നും നഗരസഭ കൗൺസിലിൽ ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടില്ലെന്നും ആരോപണമുയർന്നിട്ടുണ്ട്. സംഭവത്തിൽ ഗ്രീൻ പീപ്പിൾ അംഗങ്ങൾ നഗരസഭയ്ക്കെതിരേ നിയമനടപടിക്കൊരുങ്ങുകയാണ്.

# പോത്താനിക്കാട് ലോറി അനുസ്മരണ യോഗം

**പോത്താനിക്കാട്:** കോൺഗ്രസ് പോത്താനിക്കാട് മണ്ഡലം റാലിക്കിടയിലേക്ക് ലോറി പാഞ്ഞുകയറി ഏഴുപേർ മരിച്ചതിന്റെ ഒൻപതാം ചരമ വാർഷികം ആചരിച്ചു. മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ അനുസ്മരണ യോഗം പഞ്ചായത്ത് പ്രസിഡന്റ് അലക്സി സ്കറിയ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് എൻ.[...] ത വഹി[...] എം.എ[...] വർഗീസ് [...] ഷാൻ മു[...] ഹാം, ജെ[...] മ്മ ജോന[...] എം.സി. [...] ജോൺ, [...] ന്നിവർ പ്ര[...]

# മൂന്ന് അരിക്കടകൾ അനുവദിച്ചു

**മൂവാറ്റുപുഴ:** കല്ലൂർക്കാട്, മൂവാറ്റുപുഴ, പോത്താനിക്കാട് എന്നിവിടങ്ങളിൽ സപ്ലൈകോയുടെ അരിക്കട അനുവദിച്ചതായി എൽദോ ഏബ്രഹാം എംഎൽഎ. വിപണിയിൽ അരിവില ക്രമാതീതമായി വർധിച്ചതിനെത്തുടർന്ന് വില നിയന്ത്രിക്കാൻ സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ അരിക്കടകൾ തുറക്കുന്നതിന്റെ ഭാഗമായാണ് മണ്ഡലത്തിലെ മൂന്നു കേന്ദ്രങ്ങളിൽ അരിക്കട അനുവദിച്ചതെന്നും എംഎൽഎ പറഞ്ഞു.

# റസിഡന്റ്സ് അസോ. അപ്പെക്സ് സംഘടന ഉദ്ഘാടനം

**കോലഞ്ചേരി:** നാടിന്റെ വിവിധ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ റസിഡൻസ് അസോസിയേഷനുകൾക്ക് വലിയ പങ്കുണ്ടെന്ന് ഹൈക്കോടതി ജസ്റ്റിസ് സി.കെ.അബ്ദുൾ റഹീം. വടവുകോട്-പുത്തൻകുരിശ് പഞ്ചായത്ത് പരിധിയിലുള്ള മുപ്പതോളം റസിഡന്റ്സ് അസോസിയേഷനുകൾ സംയുക്തമായി രൂപീകരിച്ച അപ്പെക്സ് സംഘടനയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കെ.രാധാകൃഷ്ണ മേനോൻ അധ്യക്ഷത വഹിച്ചു.

ജില്ലാ പഞ്ചായത്തംഗം സി.കെ.അയ്യപ്പൻകുട്ടി, പഞ്ചായത്ത് പ്രസിഡന്റ് പി.കെ.വേലായുധൻ, വൈസ് പ്രസിഡന്റ് അംബിക നന്ദനൻ, അംഗങ്ങളായ ടി.കെ.പോൾ, ബെന്നി പുത്തൻവീടൻ, കെ.ജെ.മാണി, വി.കെ.അയ്യപ്പൻകുട്ടി, സംഘടനാ ഭാരവാഹികളായ കെ.പി.വർഗീസ്, എം.എൻ.ചന്ദ്രൻ, മോൻസി വാവച്ചൻ എന്നിവർ പ്രസംഗിച്ചു.

# വിശ്വജ്യോതി കോളജിൽ ഫാ. തോമസ് മലേക്കുടി എൻഡോവ്മെന്റ് പ്രഭാഷണ പരമ്പര


വാഴക്കുളം വിശ്വജ്യോതി കോളജ് സ്ഥാപക മാനേജർ ഫാ. തോമസ് മലേക്കുടി എൻഡോവ്മെന്റ് ലക്ചർ പരമ്പരയിൽ ജോൺ ഫിലിപ്പ് പ്രഭാഷണം നടത്തുന്നു. കോളജ് പ്രിൻസിപ്പൽ ജോസഫ് കുഞ്ഞുപോൾ, ഫാ.തോമസ് മലേക്കുടി, കോളജ് ഡയറക്ടർ റവ.ഡോ. ജോർജ് താനത്തുപറമ്പിൽ എന്നിവർ സമീപം.

**വാഴക്കുളം:** വിശ്വജ്യോതി എൻജിനിയറിംഗ് കോളജ് സ്ഥാപക മാനേജർ ഫാ.തോമസ് മലേക്കുടിയുടെ പേരിൽ കോളജ് നടത്തുന്ന എൻഡോവ്മെന്റ് ലക്ചർ പരമ്പരയിലെ രണ്ടാമത്തെ പ്രഭാഷണം നടത്തി. നാനോ ടെക്നോളജി സുസ്ഥിര ഭാവിക്ക് എന്ന വിഷയത്തിൽ ഹോമി ഭാഭാ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രഫസറും കൽപ്പാക്കം ഇന്ദിരാഗാന്ധി സെന്റർ ഫോർ ആറ്റമിക് റിസർച്ച് മെറ്റലർജി വിഭാഗം തലവനുമായ ജോൺ ഫിലിപ്പ് പ്രഭാഷണം നടത്തി.

നാനോ ടെക്നോളജിയുമായി ബന്ധപ്പെട്ട് കീമോതെറാപ്പി ചികിത്സയിൽ ആരോഗ്യമുള്ളതും അല്ലാത്തതുമായ കോശങ്ങളെ വേർതിരിച്ച് ചികിത്സിക്കാൻ കഴിയുന്ന തരത്തിലുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തതായും ഇത് കാൻസർ ചികിത്സാരംഗത്ത് വിപ്ലവകരമായ മാറ്റം വരുത്തുമെന്നും അദ്ദേഹം പറഞ്ഞു. വൈകാതെ ഇതു പ്രാബല്യത്തിലാകുമെന്നും പുത്തൻ കണ്ടുപിടിത്തങ്ങളുടെ ഫലം സാധാരണക്കാർക്ക് ലഭ്യമാകുമെന്നും അദ്ദേഹം കൂട്ടിചേർത്തു.

പ്രഭാഷണ പരമ്പരയിലെ പരിസ്ഥിതി സംരക്ഷണവും ദുരന്ത ലഘൂകരണവും എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ആദ്യ പ്രബന്ധവും ചടങ്ങിൽ പ്രകാശനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ജോസഫ് കുഞ്ഞുപോൾ, ഫാ.തോമസ് മലേക്കുടി, റവ. ഡോ. ജോർജ് താനത്തുപറമ്പിൽ എന്നിവർ പ്രസംഗിച്ചു. കോളജ് മാനേജർ മോൺ. ജോർജ് ഓലിയപ്പുറം എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## തദ്ദേശ സ്വയംഭരണ ബജറ്റ്

### കോതമംഗലം ബ്ലോക്ക്

**കോതമംഗലം:** മത്സ്യ സമൃദ്ധി പദ്ധതിയ്ക്കും തരിശ് രഹിത ബ്ലോക്കും ലക്ഷ്യമിടുന്ന കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് ബജറ്റിന് അംഗീകാരം. 76.87 കോടി വരവും 76.84 കോടി ചെലവും മൂന്നു ലക്ഷം നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റാണ് വൈസ് പ്രസിഡന്റ് വിൽസൻ ഇല്ലിക്കൽ അവതരിപ്പിച്ചത്. മത്സ്യ സമൃദ്ധി പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പരിധിയിൽ 5,000 കുടുംബങ്ങൾക്ക് പടുതാകുളങ്ങൾ നിർമിച്ചു നൽകും, തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിപ്പിച്ച് നടപ്പാക്കുന്ന പടുതാകുളം നിർമാണത്തിന് അഞ്ചുകോടി വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് പരിധിയിലെ തരിശ് നെൽവയലുകൾ ഏറ്റെടുത്ത് കുടുംബശ്രീയുമായി സഹകരിച്ച് കൃഷിയിറക്കുന്നതിന് 25 ലക്ഷവും ബജറ്റിൽ വകയിരുത്തി. കുട്ടമ്പുഴ പഞ്ചായത്തിലെ ട്രൈബൽ മേഖലയിൽ സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ നാല് മിനി ജലവൈദ്യുത പദ്ധതികൾ നടപ്പാക്കും. ഉരുളിക്കുഴി, പിണ്ടിമേട്, കൊടുമ്പിരിക്കുത്ത്, മാരിയംകുത്ത് എന്നിവിടങ്ങളിലാണ് മിനി ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നത്. ഇതിനായി രണ്ട് കോടി വകയിരുത്തി. സംസ്ഥാന സർക്കാരിന്റെയും, ജില്ലാ പഞ്ചായത്തിന്റെയും പദ്ധതികളുമായി സഹകരിച്ച് സമ്പൂർണ ഭവന പദ്ധതിയും നടപ്പാക്കും. സമ്മേളനത്തിൽ പ്രസിഡന്റ് റഷീദ സലിം അധ്യക്ഷത വഹിച്ചു.


ത്പാദന[...] ക്ഷം, [...] തൊഴില[...] ടെ) 60.8[...] മേഖലയ്[...] കയിരുത[...] കളിൽ പ[...] നം, ശുചി[...] കരിച്ച് [...] ന്ന് ജൈവ[...] ൻ വീടുക[...] ളുടെ വിര[...] തരണം, [...] കരണം, [...] സ്റ്റാൻഡ് [...] ങ് കോം[...] ന്നിവയ്ക്[...] കയിരുത[...] ത്ത് പ്രസ[...] അധ്യക്ഷ[...]

### ആവോലി

**ആവോലി:** 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് ആവോലി പഞ്ചായത്ത് പാസാക്കി. പ്രസിഡന്റ് ജോർഡി വർഗീസിന്റെ അധ്യക്ഷതയിൽ വൈസ് പ്രസിഡന്റ് സുഹറ സിദ്ദിഖ് അവതരിപ്പിച്ച ബജറ്റ് 8.51 കോടി വരവും 8.23 കോടി ചെലവും 28.72 കോടി മി[...]

### നെല്ലിക്[...]

**കോതമം[...]** ത്തിനും [...] ത്തിനും മ[...] ല്ലിക്കുഴി [...] 23.69 കോ[...] ടി ചെല[...] വും പ്രത[...] ഞ്ചായത്ത[...] എ.ആർ. [...] ച്ചു. മണ്ണ്[...] ന്നു കോട[...] ഞ്ചുകോ[...] ണം-25 ല[...] ണം-മൂന്ന[...] ഖലയ്ക്ക്[...] ക്ഷണം-2[...] മേഖല-15[...] ഖല-50 ല[...] ൾ-40 ലക്ഷ[...] ക്ഷം, കു[...] ലക്ഷം എ[...] വകയിരു[...] പുറമെ പ[...] ഹാൾ ന[...] കോടിയു[...] സ് പുതി[...] തിനു 50 [...] ക നീക്കി[...]



കോഴിക്കോട് എൻഐടി സംഘടിപ്പിച്ച ദക്ഷിണേന്ത്യ ഇന്റർ കോളജിയറ്റ് ബാസ്ക്കറ്റ്ബോൾ ടൂർണമെന്റിൽ ജേതാക്കളായ വാഴക്കുളം വിശ്വജ്യോതി ബാസ്ക്കറ്റ്ബോൾ ടീമംഗങ്ങൾ കോച്ച് അനീഷ് തോമസ്, അസിസ്റ്റന്റ് പ്രഫ.കെ.പി.അവിരാച്ചൻ, കോളജ് ഡയറക്ടർ റവ.ഡോ.ജോർജ് താനത്തുപറമ്പിൽ, പ്രിൻസിപ്പൽ ജോസഫ് കുഞ്ഞുപോൾ, വൈസ് പ്രിൻസിപ്പൽ നവീൻ ജേക്കബ് എന്നിവരോടൊപ്പം.

Deepika
29th March 2017

## വാഴക്കുളം വിശ്വജ്യോതിക്ക് കിരീടം

**വാഴക്കുളം:** കോഴിക്കോട് എൻഐടി സംഘടിപ്പിച്ച ദക്ഷിണേന്ത്യ ഇന്റർ കോളജിയറ്റ് ബാസ്ക്കറ്റ്ബോൾ ടൂർണമെന്റിൽ വാഴക്കുളം വിശ്വജ്യോതി എൻജിനിയറിംഗ് കോളജ് ജേതാക്കളായി. ആതിഥേയരായ കോഴിക്കോട് എൻഐടിയെ പരാജയപ്പെടുത്തിയാണ് വിശ്വജ്യോതി കിരീടം നേടിയത്.

## വലമ്പൂർ മഹാദേവ ക്ഷേത്രത്തിൽ ഉത്സവം

**കോലഞ്ചേരി:** വലമ്പൂർ മഹാദേവ ക്ഷേത്രത്തിലെ ഉത്സവാഘോഷങ്ങൾക്ക് ഇന്നു തുടക്കമാകും. ഇന്നു വൈകിട്ട് എട്ടിന് കൊടിയേറ്റ് നടക്കും. 31ന് രാത്രി ഏഴിന് കഥകളി. 8.30ന് ചാക്യാർകൂത്ത്. ഒന്നിനു രാത്രി 8.30ന് ഗാനമേള. രണ്ടിന് വൈകിട്ട് ഏഴിന് കരോക്കേ ഗാനസുധ. എട്ടു മുതൽ താലപ്പൊലി, മേജർസെറ്റ് പഞ്ചവാദ്യം, മൂന്നിന് രാവിലെ ഒമ്പതിന് ശീവേലി, തുടർന്ന് അന്നദാനം. രാത്രി 8.30ന് ആറാട്ട് വിളക്ക്, മേജർസെറ്റ് പഞ്ചവാദ്യം എന്നിവയുണ്ടാകും.

## ബോധവത്ക്കരണ ക്ലാസ്

**വാഴക്കുളം:** ജനമൈത്രി പോലീസ് സ്റ്റേഷന്റെ ആഭിമുഖ്യത്തിൽ ബോധവത്കരണ ക്ലാസ് നടത്തി. സ്ത്രീകൾക്കും കുട്ടികൾക്കും എതിരേയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് മണിയന്തടം കമ്യൂണിറ്റി ഹാളിലാണ് ക്ലാസ് നടത്തിയത്. മൂവാറ്റുപുഴ സിഐ സി. ജയകുമാർ ക്ലാസ് നയിച്ചു. എസ്ഐ എം.ജെ. ഷൈജു, പി.ഐ. ഇബ്രാഹിം, മഞ്ഞള്ളൂർ പഞ്ചായത്ത് പ്രസിഡന്റ് ജോസ് പെരുമ്പിള്ളിക്കുന്നേൽ, ദളിത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി എൻ.കെ. അനിൽകുമാർ. എന്നിവർ പ്രസംഗിച്ചു.

## വൈറൽ ന്യുമോണിയ ബാധിച്ച യുവാവ് സഹായം തേടുന്നു



**പിറവം:** വൈറൽ ന്യുമോണിയ ബാധിച്ച കളമ്പൂർ ഊരോത്ത് സിനോദ് (കണ്ണൻ-28) ചികിത്സാ സഹായം തേടുകയാണ്. രണ്ടാഴ്ച മുമ്പ് പനിപിടിച്ചതിനേത്തുടർന്ന് നടത്തിയ വിദഗ്ധ പരിശോധനയിലാണ് അസുഖം കണ്ടെത്തിയത്. എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

രക്തത്തിൽ ഓക്സിജന്റെ അളവ് ക്രമാതീതമായി ഉയരുന്ന അസുഖത്തിന്റെ ചികിത്സയ്ക്കായി 25 ലക്ഷത്തിലധികം രൂപയോളം ചെലവ് വരുമെന്നാണ് ആശുപത്രി അധികൃതർ പറയുന്നത്. ഇത്രയും വലിയൊരു തുക സിനോദിന്റെ കുടംബത്തിന് താങ്ങാവുന്നതല്ല. ഭാര്യയും പത്ത് മാസം പ്രായമുള്ള കുട്ടിയമടങ്ങുന്നതാണ് സിനോദിന്റെ കുടുംബം. പിറവത്തെ സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കരനാണ് ഇയാൾ.

സിനോദിനായി പിറവം നഗരസഭ ചെയർമാൻ സാബു കെ. ജേക്കബ്, വാർഡ് കൗൺസിലർ മുകേഷ് തങ്കപ്പൻ എന്നിവരുടെ നേതൃത്വത്തിൽ ചികിത്സ സഹായനിധി രൂപീകരിച്ചിട്ടുണ്ട്. പേപ്പതിയിലെ എച്ച്ഡിഎഫ്സി ശാഖയിൽ അക്കൗണ്ടും ആരംഭിച്ചു. നമ്പർ 50100166595046. ഐഎഫ്എസ്സി കോഡ്-എച്ച്ഡിഎഫ്സി-0001519.

## ട്രാഫിക് ബോധവത്ക്കരണ ചിത്രരചനാ മത്സരം

**കോലഞ്ചേരി:** പുത്തൻകുരിശ് പോലീസും കോലഞ്ചേരി സെന്റ് പീറ്റേഴ്സ് വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റും ചേർന്ന് ട്രാഫിക് ബോധവത്ക്കരണ ചിത്രരചനാ മത്സരം നടത്തും. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് സ്കൂളിന് മുന്നിൽ അമ്പതു മീറ്റർ നീളമുള്ള കാൻവാസിലാണ് മത്സരം. ഇന്നു രാവിലെ 10.30 മുതൽ 12 വരെയായിരിക്കും സമയം. വിവരങ്ങൾക്ക് 9747157583.

## റോഡ് നവീകരണത്തിന് എട്ടു കോടി

**കോതമംഗലം:** നിയോജക മണ്ഡലത്തിലെ ആറു റോഡുകളുടെ നവീകരണത്തിന് എട്ടു കോടി രൂപ അനുവദിച്ചതായി ആന്റണി ജോൺ എംഎൽഎ അറിയിച്ചു. പുതുപ്പാടി- ഊന്നുകൽ റോഡ് നാല് കോടി, കുത്തുകുഴി-വായനശാലപ്പടി-വലിയപാറ-കാട്ടാട്ടുകുളം-നെല്ലിമറ്റം റോഡ് 1.30 കോടി, ചാത്തമറ്റം ഊരംകുഴി റോഡിൽ മേലേപ്പീടിക മുതൽ കോട്ടപ്പീടിക വരെയുള്ള നിർമാണം 27 ലക്ഷം, ചേലാട് -മാലിപ്പാറ -കോട്ടാമ്പാറ റോഡ് 38 ലക്ഷം, കുട്ടമ്പുഴ-ഉരുളൻതണ്ണി-പിണവൂർകുടി റോഡ് 1.15 കോടി, തൃക്കാരിയൂർ -വെറ്റിലപ്പാറ-കുളങ്ങാട്ട് കുഴി റോഡ് 90 ലക്ഷം എന്നിങ്ങനെയാണ് തുക അനുവദിച്ചിട്ടുള്ളത്. നിർമാണ പ്രവർത്തനം ഉടൻ ആരംഭിക്കുമെന്നും എംഎൽഎ അറിയിച്ചു.